# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല

## 50-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിട്സ്

തീയ്യതി : **17 ജൂലൈ 2025**, സമയം : രാവിലെ **11.00** മണി

വേദി: ഹൈബ്രിഡ് മോഡ്, കോൺഫറൻസ് ഹാൾ, വൈസ് ചാൻസലറുടെ സെക്രട്ടറിയേറ്റ്, പൂക്കോട്, വയനാട്
(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.–ബി1/3650/2025)

**ഹാജരായ അംഗങ്ങൾ:**

1. ഡോ. അനിൽ. കെ.എസ്., വൈസ് ചാൻസലർ (ഇൻ–ചാർജ്ജ്) - *അധ്യക്ഷൻ*
2. അഡ്വ. ടി. സിദ്ദിഖ് – എം.എൽ.എ. *(എം.എൽ.എ. പ്രതിനിധി)*
3. ശ്രീ. ഷിബു. എ.റ്റി., അഡീഷണൽ സെക്രട്ടറി *(മൃഗ സംരക്ഷണ വിഭാഗം സെക്രട്ടറിയുടെ പ്രതിനിധി) (ഓൺലൈൻ)*
4. ഡോ. എസ്.എൻ. രാജകുമാർ, *ഫാക്കൽറ്റി ഡീൻ, ഡയറി സയൻസ് & ടെക്നോളജി (ഓൺലൈൻ)*
5. ഡോ. സി. ലത, ഡയറക്ടർ *(അക്കാദമിക്സ് & റിസേർച്ച്)*
6. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ *(സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)*
7. ഡോ. ബിനു പ്രശാന്ത്. കെ.ആർ., *(പ്രസിഡന്റ്, കെ.എസ്.വി.സി.) (ഓൺലൈൻ)*
8. ശ്രീമതി. സലീനാമ്മ. കെ.പി.അഡീഷണൽ ഡയറക്ടർ *(കൃഷി വകുപ്പ് ഡയറക്ടറുടെ പ്രതിനിധി) (ഓൺലൈൻ)*
9. ശ്രീ. അഭിറാം. പി. *(തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥി പ്രതിനിധി) (ഓൺലൈൻ)*
10. ഡോ. ബിപിൻ. കെ.സി. *(തിരഞ്ഞെടുക്കപ്പെട്ട അധ്യാപക വിഭാഗം പ്രതിനിധി)*
11. ഡോ. ദിനേശ്. പി.ടി. *(തിരഞ്ഞെടുക്കപ്പെട്ട അധ്യാപക വിഭാഗം പ്രതിനിധി)*
12. ഡോ. ശ്രീരഞ്ജിനി. എ.ആർ. *(തിരഞ്ഞെടുക്കപ്പെട്ട അധ്യാപക വിഭാഗം പ്രതിനിധി)*
13. ശ്രീ. സന്തോഷ്. സി.ആർ. *(തിരഞ്ഞെടുക്കപ്പെട്ട അനധ്യാപക വിഭാഗം പ്രതിനിധി)*
14. ശ്രീ. സുധീഷ്. പി.എസ്. *(തിരഞ്ഞെടുക്കപ്പെട്ട തൊഴിലാളി വിഭാഗം പ്രതിനിധി)*
15. ശ്രീ. രവീന്ദ്രൻ. കെ. ആർ, *ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ (എംപ്ലോയ്മെന്റ് ഡയറക്ടറുടെ പ്രതിനിധി)*
16. ഡോ. പി. സുധീർ ബാബു, *രജിസ്ട്രാർ - മെമ്പർ സെക്രട്ടറി*

**സാന്നിധ്യം:**

1. ശ്രീ. ദിനേശൻ. എ. കെ., ഫിനാൻസ് ഓഫീസർ
2. ശ്രീ. ശ്രീജിത്ത്. എ.വി. *യൂണിവേഴ്സിറ്റി എഞ്ചിനീയർ, ഐ.ഡി. വിംഗ്*

യോഗം 11.00 മണിക്ക് ആരംഭിച്ചു. അധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

തുടർന്ന് അജണ്ടകൾ അവതരിപ്പിക്കാൻ രജിസ്ട്രാറെ ക്ഷണിച്ചു.

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

(ഒപ്പ്)
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

| | |
|---|---|
| 1.1 | സർവ്വകലാശാലയുടെ നേട്ടങ്ങൾ/ശാസ്ത്രജ്ഞരുടെ ഗവേഷണ നേട്ടങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാനുണ്ടെങ്കിൽ, ആയത്. |
| തീരുമാനം | ഇല്ല. |
| 1.2 | ഇലക്ഷൻ ഏതെങ്കിലും നടത്തുവാനുണ്ടെങ്കിൽ, ആയത്. |
| തീരുമാനം | മാനേജ്മെന്റ് കൌൺസിലിൽ നിന്നും ബോർഡ് ഓഫ് മാനേജ്മെന്റിലേക്ക് തിരഞ്ഞെടുപ്പ് നടത്തി 06-06-2025 തീയതിയിൽ ബോർഡ് ഓഫ് മാനേജ്മെന്റ് പുനസംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചതായി രജിസ്ട്രാർ റിപ്പോർട്ട് ചെയ്തു.<br><br>സർവ്വകലാശാലയിലെ വിവിധ സബ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും, സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടാത്ത കമ്മിറ്റികളെ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നതിന് വിശദമായ പ്രൊപ്പോസൽ അടുത്ത മാനേജ്മെന്റ് കൌൺസിലിൽ യോഗത്തിൽ സമർപ്പിക്കുന്നതിനും തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 1.3 | ചോദ്യോത്തര വേള.<br>**ശ്രീ. അഭിറാം. പി. ഉന്നയിച്ച ചോദ്യങ്ങൾ:**<br>**ചോദ്യം (1):**<br>**2018നു ശേഷം വെറ്റിനറി യൂണിവേഴ്സിറ്റിയിൽ ജനറൽ വിഭാഗം അധ്യാപക നിയമനം നടന്നിട്ടില്ല. അധ്യാപക ഒഴിവുകൾ അധികമായത് കാരണം സ്ഥിര അധ്യാപകർ ഇല്ലാത്ത ഡിപ്പാർട്മെന്റുകൾ പോലും യൂണിവേഴ്സിറ്റിയിലെ പല കോളേജുകളിലും നിലവിൽ ഉണ്ടെന്നുള്ളത് അത്യന്തം ഖേദകരമാണ്. അധ്യാപക ക്ഷാമം അതിരൂക്ഷമായ സാഹചര്യത്തിലാണ് 20/12/2024ൽ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പ്രൊഫസർ നിയമന വിജ്ഞാപനം പുറപ്പെടുവിച്ചത്. അധ്യാപക നിയമനം അടിയന്തരമായി നടത്തേണ്ട സാഹചര്യം നിലവിൽ ഉള്ളപ്പോൾ അപേക്ഷകൾ സ്വീകരിച്ചു മാസങ്ങൾ പിന്നിട്ടിട്ടും യൂണിവേഴ്സിറ്റി ഇന്റർവ്യൂ പോലുള്ള നിയമന പ്രക്രിയയിലേയ്ക് കടന്നിട്ടില്ല**<br><br>**ചോദ്യം (1.1): അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് നിലവിലെ സ്റ്റാറ്റസ് എന്താണ്?**<br>**ഉത്തരം (1.1):** ലഭിച്ച അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടന്നുവരുന്നു.<br><br>**ചോദ്യം (1.2): കോടതി ഈ വിഷയത്തിൽ നിയമന പ്രക്രിയയ്ക്ക് സ്റ്റേ നല്കിയിട്ടുണ്ടോ?**<br>**ഉത്തരം (1.2):** വിഷയം കോടതിയുടെ പരിഗണനയിലാണ്. നിലവിൽ സ്റ്റേ ഇല്ല.<br><br>**ചോദ്യം (1.3): ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇത്രയും കാലതാമസം?**<br>**ഉത്തരം (1.3):** കാലതാമസം നേരിട്ടില്ല. ലഭിച്ച അപേക്ഷകളുടെ സൂക്ഷ്മപരിശോധന പൂർത്തിയാക്കിവരുന്നു.<br><br>**ചോദ്യം (1.4):**<br>**അധ്യാപക നിയമന പ്രക്രിയ എന്ന് പൂർത്തിയാകും എന്ന് tendative ഡേറ്റ് യൂണിവേഴ്സിറ്റിക്കു നൽകാൻ കഴിയുമോ?** |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അദ്ധ്യക്ഷൻ)**

**ഉത്തരം (1.4):** അസിസ്റ്റന്റ് പ്രൊഫസർ അപേക്ഷകളുടെ സൂക്ഷ്മപരിശോധന പൂർത്തിയാക്കി അഭിമുഖവും നടത്തി അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുകളിലേയ്ക്ക് നിയമനം ഉടനെ നടത്തുന്നതാണ്.

**തീരുമാനം (1.1, 1.2, 1.3 & 1.4):** ബഹു. ചാൻസലറുടെ നോമിനികൾ കൂടി ലഭ്യമായതിന് ശേഷം അസിസ്റ്റൻറ് പ്രൊഫസർ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ*

====================================== =====================

**ചോദ്യം (2):**

**സർവകലാശാലയുടെ കോൺവൊക്കേഷനുമായി ബന്ധപ്പെട്ട് 49 ആം മാനേജ്മെന്റ് കൗൺസിൽ ഉന്നയിച്ച ചോദ്യത്തിന്റെ ഭാഗമായി, കോൺവൊക്കേഷൻ ഈ വർഷം ഡിസംബറോട് കൂടി നടത്തുമെന്ന് അറിയിച്ചിരുന്നു.**

---

**ചോദ്യം (2.1): ഇതിന്റെ നടപടികൾ എന്തായി?**

**ഉത്തരം (2.1):** 2025 വർഷത്തെ കോൺവൊക്കേഷൻ ഡിസംബറോടുകൂടി നടത്തുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**തീരുമാനം:** നല്കിയ ഉത്തരം അംഗീകരിച്ചു.

*നടപടി: ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്*

------------------------------------------------------------ ------------------------------------

**ചോദ്യം (2.2):**

**ഈ വരുന്ന ഓഗസ്റ്റ് മാസത്തോട് കൂടെ ബിരുദം പൂർത്തിയാക്കുന്ന 2019 വെറ്ററിനറി ബാച്ചിനെ കൂടെ കോൺവൊക്കേഷനിൽ ഉൾപെടുത്താൻ സർവകലാശാല നടപടി സ്വീകരിക്കുമോ**

---

**ചോദ്യം (2.3):**

**കേരളത്തിലെ മറ്റു സർവകലാശാലയിലെല്ലാം എല്ലാ വർഷവും നടക്കുന്ന കോൺവൊക്കേഷൻ നമ്മുടെ യൂണിവേഴ്സിറ്റിയിൽ ഇത്ര അതികം വൈകുന്നത് എന്തുകൊണ്ടാണ്?**

---

**ഉത്തരം (2.2 & 2.3):** 2019 ബാച്ചിലെ വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതിനായുള്ള എല്ലാ നടപടികളും (അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട്) കോൺവൊക്കേഷൻ നടക്കുന്നതിന് ഒരു മാസം മുൻപേ പൂർത്തീകരിക്കുകയാണെങ്കിൽ 2025 വർഷത്തെ കോൺവൊക്കേഷനിൽ 2019 ബാച്ചിലെ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്താവുന്നതാണ്.

**തീരുമാനം:** നല്കിയ ഉത്തരം അംഗീകരിച്ചു.

*നടപടി: ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്*

=========================================================== ==

**(ഒപ്പ്)**

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

**ഡോ. ദിനേഷ്. പി.ടി. ഉന്നയിച്ച ചോദ്യങ്ങൾ:**

**ചോദ്യം (3):**

മണ്ണുത്തി വെറ്റിനറി കോളേജ് ക്യാമ്പസ്സിൽ കഴിഞ്ഞ കുറച്ചു കാലമായി വേനൽ കാലത്തു കടുത്ത ജലക്ഷാമം മൂലം ക്ലാസുകൾ നടക്കാത്ത സാഹചര്യം ആണുള്ളത്. മഴക്കാലത്തു പലപ്പോഴും വെള്ളം കയറി കോളേജ് ഗ്രൗണ്ട് നാശമാവുകയും തൊട്ടടുത്തുള്ള TVCC യിലേക്കും വെള്ളം കയറി നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരങ്ങൾക്കായി എന്ത് നടപടിയാണ് സർവകലാശാല എടുത്തിട്ടുള്ളത്?

**ഉത്തരം (3):** മണ്ണുത്തി വെറ്റിനറി കോളേജിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി 4 എണ്ണം കുഴൽക്കിണറുകൾ വിവിധ ഇടങ്ങളിലായി കുഴിച്ചിരുന്നു. ഇവയിൽ അടിയന്തിരമായി 2 എണ്ണത്തിൽ പമ്പ് സെറ്റുകൾ സ്ഥാപിച്ച് ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മൈതാനത്തിൽ നിറയുന്ന മഴവെള്ളം പുറത്തേക്ക് ഒഴുക്കി കളയുന്നതിനായി വളരെ മുന്നേ തന്നെ കോൺക്രീറ്റ് പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. എങ്കിലും, തുടർന്നുള്ള ദേശീയ പാതയുടെ വികസനത്തോടനുബന്ധിച്ചുള്ള സർവീസ് റോഡും ഡ്രെയിനേജ് നിർമ്മാണവും മൂലം ഇവയിൽ ചില പൈപ്പുകളുടെ ബഹിർഗമനം അടഞ്ഞ നിലയിലാണുള്ളത്. എന്നിട്ടും ഈ പൈപ്പുകളിൽ നിന്നുള്ള ജലനിർഗമനം കാരണം ദേശീയ പാതയിൽ വെള്ളക്കെട്ടുണ്ടാവുന്നു എന്ന് ചൂണ്ടിക്കാട്ടി തൃശ്ശൂർ എക്സ്പ്രസ്സ് വേ ലിമിറ്റഡ് (TEL), സർവകലാശാലാ ഭരണസമിതിക്ക് മുൻപാകെ പരാതി നൽകിയിട്ടുണ്ട്. ഈ പ്രശ്നങ്ങൾ തൃശ്ശൂർ ജില്ലാ കളക്ടറുടെ പരിഗണനയിലുള്ളതാണ്.

**തീരുമാനം:** നല്കിയ ഉത്തരം അംഗീകരിച്ചു.
*നടപടി: യൂണിവേഴ്സിറ്റി എഞ്ചിനീയർ*

---

**ചോദ്യം (4):**

സർവകലാശാല ഫിനാൻസ് ഓഫീസറുടെ **17-06.2025** തിയ്യതിയിലെ **KVASU/FW/AC(2)/602/2024(11)** നമ്പറിലുള്ള സർക്കുലർ പ്രകാരം ഓഡിറ്റ് പാർട്ടി നിശ്ചയിക്കുന്ന റെവെന്യൂ റിക്കവറി തുകയും അതിന്റെ പലിശക്കും കൂടിയുള്ള ഉത്തരവാദിത്തം **DDO** മാർക്ക് കൂടി നിശ്ചയിച്ചു കാണുന്നു.

**ചോദ്യം (4.1):**

പ്രസ്തുത സർകുലറിനുള്ള നിയമ സാധുത എന്താണ്?

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

| | |
|---|---|
| | **ചോദ്യം (4.2):**<br>സർവകലാശാല statute അല്ലെങ്കിൽ കേരള സർവീസ് ചട്ടത്തിലെ ഏതു നിയമപ്രകാരമാണ് ഇത്തരത്തിലുള്ള ഒരു സർക്കുലർ സർവകലാശാല പുറപ്പെടുവിച്ചിട്ടുള്ളത്? |
| | **ചോദ്യം (4.3):**<br>നിയമപ്രകാരം നിലനില്ക്കുന്നതല്ലെങ്കിൽ പ്രസ്തുത സർക്കുലർ പിൻവലിക്കാൻ തയ്യാർ ആണോ? |
| | **ഉത്തരം (4.1, 4.2 & 4.3):** "ഓഡിറ്റ് പാർട്ടി നിശ്ചയിക്കുന്ന റവന്യൂ റിക്കവറി തുകയും അതിന്റെ പലിശയ്ക്കും കൂടിയുള്ള ഉത്തരവാദിത്തം ഡിഡിഒ മാർക്ക് കൂടി ഉണ്ട്" എന്ന് പരാമർശിച്ച് ധനകാര്യ വിഭാഗത്തിൽ നിന്നും സർക്കുലർ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ഓഡിറ്റിന്റെ പരിശോധനയിൽ റിക്കവറി നിർദേശിച്ചിട്ടുള്ളവയിൽ പലിശ ഈടാക്കേണ്ടുന്നവയുടെ തുകയുടെ പലിശക്ക് ഡിഡിഒ മാർ കൂടി ഉത്തരവാദികളായിരിക്കും എന്ന് സൂചിപ്പിച്ചുകൊണ്ടുള്ള ഒരു സർക്കുലർ ധനകാര്യ വിഭാഗത്തിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കേരള ഫിനാൻഷ്യൽ കോഡ് വോളിയം 1 ആർട്ടിക്കിൾ 99 പ്രകാരം, മുൻകൂർ തുകകൾ യഥാസമയം ക്രമീകരിക്കാത്ത അവസരത്തിൽ ടി തുക 18% പലിശസഹിതം ഈടാക്കേണ്ടതാണ്. മുൻകൂർ തുകകൾ യഥാസമയം ക്രമീകരിക്കാത്ത അവസരത്തിൽ ടി തുക 18% പലിശസഹിതം ഈടാക്കേണ്ടത് ഡി.ഡി.ഒ-മാരുടെ ഉത്തരവാദിത്തമാണ് എന്ന് 24-07-20 തീയതിയിലെ 4/1/Fin നമ്പർ സർക്കുലറിൽ പരാമർശിച്ചിട്ടുണ്ട്.<br><br>ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച, സമയബന്ധിതമായി ക്രമീകരിക്കാത്ത മുൻകൂർ തുകകൾ 18% പലിശ സഹിതം ഈടാക്കാൻ നിർദ്ദേശിച്ചിട്ടുള്ള നിരവധി കേസുകൾ ഉണ്ട്. എന്നാൽ ഇവയൊന്നിലും, മേൽ ചട്ടത്തിലും സർക്കുലറിലും നിർദ്ദേശിച്ച പ്രകാരം തുക ഈടാക്കാൻ ഡി.ഡി.ഒ-മാർ നടപടി സ്വീകരിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. 18% പലിശ സഹിതം ഈടാക്കേണ്ട തുകകൾ യഥാസമയം ഈടാക്കാത്തതിന് പലിശയിനത്തിൽ വളരെ വലിയ തുകകൾ ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടി വരുന്നുണ്ട്. പല ജീവനക്കാരും വിരമിക്കുന്ന വേളയിൽ ഡി.സി.ആർ.ജി തുകയിൽ നിന്നും വളരെ വലിയ തുകകൾ ഈടാക്കേണ്ടിവരുന്നത് ഖേദകരമാണ്. ഉദാഹരണമായി, സർവകലാശാലയിലെ ഒരു ജീവനക്കാരൻ എടുത്ത മുൻകൂർ തുകയായ 95,000/- രൂപക്ക് വിരമിച്ച സമയത്ത് പലിശ സഹിതം രണ്ടര ലക്ഷത്തിലധികം രൂപ തിരിച്ചടവാക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. |

(ഒപ്പ്)

**രജിസ്ട്രാർ** **വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**

**(മെമ്പർ സെക്രട്ടറി)** **(അധ്യക്ഷൻ)**

ഓഡിറ്റ് കുറിപ്പ് മുഖേന ജീവനക്കാരനിൽ നിന്നും തുക ഈടാക്കുവാൻ ഡി.ഡി.ഒ-മാർക്ക് നിർദ്ദേശം ലഭിച്ചപ്പോൾ തുക ഈടാക്കിയിരുന്നെങ്കിൽ വിരമിക്കൽ സമയത്ത് ഇത്രയും തുക ജീവനക്കാരന് ബാധ്യത ഉണ്ടാകുമായിരുന്നില്ല. ഡി.ഡി.ഒ-മാരുടെ കർത്തവ്യ നിർവഹണത്തിലെ വീഴ്ച കണക്കിലെടുത്ത്, സർവകലാശാലയിലേക്ക് മുതൽ കൂട്ടേണ്ട തുകകൾ യഥാസമയം ചട്ടപടി റിക്കവർ ചെയ്യുന്നതിനായി ഡി.ഡി.ഒ-മാർ കൂടുതൽ ജാഗ്രത പുലർത്തുന്നതിനായാണ്, കാലതാമസത്തിന് വരുന്ന പലിശയും കൂടി ഉത്തരവാദിത്തം അവർക്കു കൂടി ഉണ്ടായിരിക്കുമെന്ന തരത്തിൽ ധനകാര്യ വിഭാഗത്തിൽ നിന്നും സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

തന്റെ ശമ്പളത്തിൽ നിന്നും സർക്കുലറിലെ വ്യവസ്ഥ പ്രകാരം യഥാസമയം റിക്കവർ ചെയ്യാമായിരുന്ന തുക റിക്കവറി നടത്താതെ കാലതാമസം വരുത്തി പലിശ ഇനത്തിൽ വലിയ തുക ഈടാക്കേണ്ട സാഹചര്യം സൃഷ്ടിച്ച ഡി.ഡി.ഒ-യ്ക്ക് കൂടി മേൽ പലിശ തുകയ്ക്ക് ബാധ്യതയുണ്ടെന്ന തരത്തിൽ ജീവനക്കാർ അന്യായം ഫയൽ ചെയ്യുന്ന സാഹചര്യം വരികയാണെങ്കിൽ മേൽ സർക്കുലർ അനുസരിച്ച് ഡി.ഡി.ഒ-മാർക്ക് കൂടി ബാധ്യത നിശ്ചയിക്കുവാൻ സാധ്യതയുണ്ട്. ഇക്കാര്യം കൂടി മുൻകൂട്ടി കണ്ടുകൊണ്ടാണ് റിക്കവറി ഇനത്തിൽ കൂടുതൽ ജാഗ്രത കാണിക്കുന്നതിനായി ഇത്തരത്തിൽ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

നിലവിലെ രീതിയിൽ, ജീവനക്കാരൻ സ്വമേധയാലോ, വിരമിക്കുന്ന വേളയിൽ ഈടാക്കുന്നതുപോലെയോ, മുതൽതുകയേക്കാൾ വളരെ കൂടുതൽ തുക പലിശ ഇനത്തിൽ ഈടാക്കുന്ന സാഹചര്യം നില നിർത്തിക്കൊണ്ട്, മേൽ സർക്കുലർ പിൻവലിക്കേണ്ടതുണ്ടെങ്കിൽ ആയതിന് നടപടി സ്വീകരിക്കുന്നതാണ്.

**തീരുമാനം:** സർക്കുലർ പിൻവലിക്കേണ്ടതില്ലെന്ന് തീരുമാനിച്ച് നല്കിയ ഉത്തരം അംഗീകരിച്ചു.

*നടപടി: ഫിനാൻസ് ഓഫീസർ*

============================================================ ===

**ശ്രീ. സുധീഷ്. പി.എസ്. ഉന്നയിച്ച ചോദ്യങ്ങൾ:**

**ചോദ്യം (5):**

ഫാമിലെ കറവ തൊഴിലാളികൾക്ക് പതിറ്റാണ്ടുകളായി നല്കി വന്നിരുന്ന അര ലിറ്റർ പാൽ നിർത്തലാക്കിയ നടപടി പിൻവലിക്കണമെന്ന് യോഗം ആവശ്യപ്പെടുന്നു. എന്തുകൊണ്ട് നിർത്തലാക്കി ?

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

| | |
|---|---|
| | **ഉത്തരം (5):** മിൽക്കിങ് പാർലറിന്റെ സഹായത്തോടെ, കറവ ജോലികളിൽ ഏർപ്പെടുന്നതിനാവശ്യമായ തൊഴിലാളികളുടെ വൈദഗ്ധ്യം, ജോലി സ്വഭാവം, ജോലിയുടെ തോത് എന്നിവ ലഘൂകരിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 88-ാമത് ഭരണസമിതി യോഗം മിൽക്ക് അലവൻസ് അനുവദിക്കേണ്ടതില്ലെന്ന തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.<br>**തീരുമാനം:** സർക്കാർ ഫാമുകളിൽ മിൽക്ക് അലവൻസ് നല്കുന്നുണ്ടോ എന്ന വിഷയം പരിശോധിക്കുന്നതിനായി സർക്കാരിലേക്ക് കത്ത് നല്കുന്നതിന് തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ/ലേബർ ഓഫീസർ*<br>------------------------------------------------------------<br>**ചോദ്യം (6):**<br>ആഭ്യന്തര നിയമനം വഴിയുള്ള ക്ലാസ്സ് IV ഒഴിവുകളിലേക്ക് റാങ്ക് ലിസ്റ്റിൽ നിന്നും അർഹരായ തൊഴിലാളികളെ എന്തുകൊണ്ട് നിയമനം നടത്തുന്നില്ല ?<br>**ഉത്തരം (6):** 20.03.2025 തീയ്യതിയിലെ സ.ഉ(അച്ചടി)നം.28/ 2025/ധന നമ്പർ ഉത്തരവ് പ്രകാരം ധനദൃഢീകരണ പ്രക്രിയയുടെ ഭാഗമായി ഓഫീസ് അറ്റെൻഡന്റ് തസ്തികകളിൽ വരുന്ന ഒഴിവുകൾ അനിവാര്യമാകുന്ന ഘട്ടങ്ങളിൽ മാത്രമേ നികത്താവൂ എന്ന് ആവിശ്യപ്പെട്ടിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം തസ്തികകൾ പുനഃർവിന്യസിക്കുന്ന നടപടികൾ സർവ്വകലാശാല സ്വീകരിച്ചു വരികയാണ്. ആയതിനാൽ ആണ് ആഭ്യന്തര നിയമനം നടക്കാത്ത സാഹചര്യം ഉണ്ടാവുന്നത്.<br>**തീരുമാനം:** നല്കിയ ഉത്തരം അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ*<br>================================================================ |
| 1.4 | അടിയന്തര പ്രമേയം ഉണ്ടെങ്കിൽ, ആയത്.<br>**അടിയന്തര പ്രമേയം (1) - ശ്രീ. അഭിറാം. പി. ഉന്നയിച്ച പ്രമേയം.**<br>**മണ്ണുത്തി ക്യാമ്പസ്സിൽ സ്ഥിതി ചെയുന്ന CVAS, VKIDFT കോളേജുകളിലെ വിദ്യാർത്ഥിനികൾക്ക് നിലവിലുള്ള ഹോസ്റ്റൽ സൗകര്യം ഒട്ടും പര്യാപ്തമല്ല. നിലവിൽ നിരവധി വിദ്യാർത്ഥിനികൾ ക്യാമ്പസ്സിന് പുറത്താണ് താമസിക്കുന്നത്. മാത്രമല്ല 2025-26 അധ്യയന വർഷത്തെ അഡ്മിഷൻ നടപടികൾ തുടങ്ങിയിരിക്കുന്നു. ഇത് വലിയ പ്രതിസന്ധിയിലേക്കാണ് നീങ്ങുന്നത്. ആയതിനാൽ ജൂൺ 16 ഇനു ബഹു. കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ച ലേഡീസ് ഹോസ്റ്റലിലെ പണി പൂർത്തീകരിച്ച ഒന്നാം നില വിദ്യാർത്ഥിനികളുടെ താമസത്തിനു വിട്ടു നൽകണമെന്ന് പ്രമേയത്തിലുടെ ആവശ്യപ്പെടുന്നു.**<br>**തീരുമാനം:** മേൽ വിഷയം പരിശോധിക്കുന്നതിന് തീരുമാനിച്ചു.<br>*നടപടി: യൂണിവേഴ്സിറ്റി എഞ്ചിനീയർ/ഡി.എ.ആർ.*<br>================================================================ |

**(ഒപ്പ്)**

**രജിസ്ട്രാർ** — **വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**

**(മെമ്പർ സെക്രട്ടറി)** — **(അധ്യക്ഷൻ)**

| | |
|---|---|
| | **അടിയന്തര പ്രമേയം (2) - ശ്രീ. സുധീഷ്. പി.എസ്. ഉന്നയിച്ച പ്രമേയം:**<br>ഹോസ്റ്റലുകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ലഭിക്കേണ്ടതായ ക്ലാസ് IV തസ്തികകൾ വെട്ടിച്ചുരുക്കുന്ന നടപടി പിൻവലിക്കണമെന്നും, ഹോസ്റ്റൽ സൂപ്പർവൈസർ, സീനിയർ ഹോസ്റ്റൽ സൂപ്പർവൈസർ എന്നീ തസ്തികകൾ നിർത്തലാക്കി പുനർവ്യന്യസിക്കാനുള്ള നടപടികൾ പിൻവലിക്കണമെന്നും യോഗം ചർച്ച ചെയ്യണമെന്നും അടിയന്തിര പ്രമേയത്തിലൂടെ ഈ യോഗം ആവശ്യപ്പെടുന്നു.<br>**തീരുമാനം:** ഇക്കാര്യത്തിൽ ചർച്ച ചെയ്ത് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.<br>നടപടി: രജിസ്ട്രാർ |
| 1.5 | നിർദ്ദിഷ്ട പട്ടികയിൽ മാറ്റമുള്ള വിഷയങ്ങൾ ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.6 | മുൻ യോഗങ്ങളുടെ നടപടി കുറിപ്പുകളുടെ സ്ഥിരീകരിക്കൽ & ആക്ഷൻ ടേക്കൻ റിപ്പോർട്ട്, ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | 1. 49-ാമത് യോഗത്തിലെ ചോദ്യോത്തര വേളയിലെ ചോദ്യം 2.1 - ന്റെ തീരുമാനത്തിൽ "കമ്മിറ്റി റിപ്പോർട്ട് അടുത്ത ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു." എന്ന് കൂടി കൂട്ടി ചേർത്തു 49-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗ നടപടി കുറിപ്പുകൾ സ്ഥിരീകരിച്ചു.<br>2. ആക്ഷൻ ടേക്കൻ റിപ്പോർട്ട് അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 1.7 | മാനേജ്മെന്റ് കൗൺസിൽ തീരുമാന പ്രകാരം ബോർഡ് ഓഫ് മാനേജ്മെന്റ് സമർപ്പിക്കുന്ന റിപ്പോർട്ട്, ഉണ്ടെങ്കിൽ ആയത്. |
| **തീരുമാനം** | ഇല്ല |
| 1.8 | ബോർഡ് ഓഫ് മാനേജ്മെന്റും വൈസ് ചാൻസലറും നിർദ്ദേശിക്കുന്ന വിഷയങ്ങൾ, ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇൻറ്റേൺഷിപ്പ്, പി.ജി., പി. എച്ച്.ഡി. അലവൻസുകൾ വർദ്ധിപ്പിക്കുന്നതും നൽകുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥി സംഘടനകൾ നടത്തുന്ന പ്രതിഷേധത്തെക്കുറിച്ച് വൈസ് ചാൻസലർ യോഗത്തെ അറിയിച്ചു. സർവകലാശാല ഏകദേശം 275 വിദ്യാർത്ഥികൾക്ക് 9,000 രൂപ വീതം പി.ജി., പി. എച്ച്.ഡി. അലവൻസുകൾ നൽകുമ്പോൾ 3 കോടിയോളം രൂപ ചെലവ് |

(ഒപ്പ്)

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

| | |
|---|---|
| | വരുന്നുണ്ടെന്നും, ഇൻറ്റേൺഷിപ്പ് അലവൻസ് 240 വിദ്യാർഥികൾക്ക് പ്രതിമാസം 20,000 രൂപ വീതം നൽകുമ്പോൾ മാസം 6 കോടി രൂപ ചിലവ് വരുന്നതാണെന്നും, അലവൻസുകൾ എല്ലാം കൂടി 10 കോടി രൂപ ചെലവ് വരുന്ന അവസരത്തിൽ ലഭ്യമാകുന്ന തുകയിൽ നിന്നും ബാക്കി സ്കോളർഷിപ്പുകളും മറ്റും നൽകേണ്ടി വരുമ്പോൾ തുക തികയാതെ വരുന്നുണ്ടെന്നും ചെയർ അറിയിച്ചു.<br><br>ഇൻറ്റേൺഷിപ്പ് അലവൻസ് പദ്ധതി വിഹിതത്തിൽ നിന്നും ചിലവ് വരുത്തി നല്കി വന്നിരുന്നതാണെന്നും, പദ്ധതി വിഹിതത്തിൽ മതിയായ തുക ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആയത് പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നല്കാൻ സാധിക്കുന്നില്ലെന്നും, സർവ്വകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതി പ്രകാരം പദ്ധതിയേതര വിഹിതത്തിൽ നിന്നും അലവൻസ് നൽകാൻ സാധ്യമല്ലെന്നും ചെയർ അറിയിച്ചു. കൂടാതെ വിദ്യാർഥികൾ 7 മുതൽ 8 മാസം വരെ ജോലി ചെയ്യുന്നത് സർക്കാർ ആശുപത്രികളിൽ ജനങ്ങളെ സേവിക്കുന്നതിനാണെന്നും, ഇതേ രീതിയിൽ മെഡിക്കൽ വിദ്യാർഥികളുടെ മെഡിക്കൽ കോളേജുകളിലെ ഹൌസ് സർജൻസി സേവനങ്ങൾക്ക് സർക്കാരിൽ നിന്നും ഇൻറ്റേൺഷിപ്പ് അലവൻസ് നൽകുന്നുണ്ടെന്നും ചെയർ അറിയിച്ചു. മേൽ വിഷയങ്ങൾ വിശദമായി കാണിച്ച് കൊണ്ട് ഇൻറ്റേൺഷിപ്പ് അലവൻസ് സർക്കാരിൽ നിന്നും നൽകുന്ന വിഷയം പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ച്കൊണ്ട് സർക്കാരിലേക്ക് കത്ത് നൽകുന്നതിന് തീരുമാനിക്കുകയും, ആയതിന് ഡി.എ.ആർ. - നെ ചുമതലപ്പെടുത്തുകയും ചെയ്തു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ/ ഡി.എ.ആർ* |
| 2.1 | DAR - Academic Programme – Approval of the results - Reg. |
| **തീരുമാനം** | Approved.<br>*Action: DAR* |
| 4.1 | DoE – Distance Learning Programme – Approval of the final results - Reg. |
| **തീരുമാനം** | Approved.<br>*Action: Director (Entrepreneurship)* |
| 6.1 | ധനകാര്യ വിഭാഗം - അനദ്ധ്യാപക ജീവനക്കാരുടെ പതിനൊന്നാമത് ശമ്പള പരിഷ്ക്കരണ കുടിശ്ശികയുടെ 50% തുക വിതരണം ചെയ്യുന്നത് - അനുമതി നൽകുന്നത് - സംബന്ധിച്ച്. |
| **തീരുമാനം** | അധ്യാപകരുടെ CAP കുടിശ്ശിക നൽകാത്തതിനാൽ മേൽ വിഷയം അംഗീകരിക്കുന്നതിന് ബുദ്ധിമുട്ടാണെന്ന് ബഹു. അംഗം ഡോ. ദിനേശ്. പി. ടി. അറിയിച്ചു. ബഹു. അംഗത്തിന്റെ വിയോജിപ്പോട് കൂടി 50% തുക വിതരണം |

(ഒപ്പ്)

**രജിസ്ട്രാർ** **വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(മെമ്പർ സെക്രട്ടറി)** **(അദ്ധ്യക്ഷൻ)**

| | |
|---|---|
| | ചെയ്യുന്നതിന് അനുമതി നല്കി. മേൽ തുകയ്ക്ക് ഇൻകം ടാക്സ് നല്കുന്നതിന് ജീവനക്കാർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും തീരുമാനിച്ചു.<br><br>കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭിക്കേണ്ട പിഎഫ് തുക ലഭ്യമാക്കുന്നതിനായി അടിയന്തിരമായി സർക്കാരിലേക്ക് കത്ത് നല്കുന്നതിന് തീരുമാനിച്ചു.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.2 | ധനകാര്യം - മാനേജ്മെന്റ് കൗൺസിലിന്റെ ഈ യോഗത്തിൽ സർവ്വകലാശാലയുടെ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നത്- സംബന്ധിച്ച്. |
| **തീരുമാനം** | അനുമതി നല്കി.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.3 | കെ.വി.എ.എസ്.യു. - ധനകാര്യ വിഭാഗം - സർവകലാശാലാ ജീവനക്കാരുടെ 2024-25 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നത് - അനുമതി നൽകുന്നത് – സംബന്ധിച്ച്. |
| **തീരുമാനം** | അനുമതി നല്കി.<br>വരും വർഷങ്ങളിൽ ഇതേ മാതൃകയിൽ ആർജ്ജിതാവധി സറണ്ടർ സാങ്കൽപ്പികമായി പി.എഫിൽ ലയിപ്പിക്കുന്നത് അനുവദിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. സറണ്ടർ ചെയ്തു ലഭ്യമായ തുകകൾ നിലവിൽ ജി.പി.എഫ്. ലോൺ എടുക്കുന്നതിൽ ജീവനക്കാർ ഉൾപ്പെടുത്തുന്നില്ലെന്ന് ഉറപ്പ് വരുത്താൻ ഫിനാൻസ് ഓഫീസർ ശ്രദ്ധിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 7 | അനൗദ്യോഗിക പ്രമേയങ്ങൾ:<br>**ശ്രീ. അഭിറാം. പി ഉന്നയിച്ച പ്രമേയങ്ങൾ:**<br>പ്രമേയം (1):<br>**കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാല കീഴിലെ ബിടെക് ഡയറി ടെക്നോളജി കോളേജുകളിലെ 2020 ബാച്ച് വിദ്യാർത്ഥികൾക്കായി അമൂൽൻറെ ടെറിട്ടോറിയൽ സെയിൽസ് ഇൻ ചാർജ് തസ്തികയിലേക്ക് ക്യാമ്പസ് പ്ലേസ്മെന്റ് ഇന്റർവ്യൂ 2025 ഏപ്രിൽ 4 ന് നടന്നിരുന്നു. എഴുത്തു പരീക്ഷയ്ക്ക് ശേഷം പ്രസിദ്ധീകരിച്ച പ്രാഥമിക ലിസ്റ്റിൽ കുറച്ചു പേരെ കൂടി ചേർത്തുകൊണ്ട് ഇൻറർവ്യൂവിന് നിശ്ചയിച്ചു, അതിൽനിന്ന് മൂന്നു പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ചെയ്തു. ഏപ്രിൽ 11 ന് സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഏപ്രിൽ 28 ന് ആലുവയിൽ വച്ച് സർട്ടിഫിക്കറ്റ് പരിശോധനയും ജോലിയിൽ പ്രവേശിക്കുന്നതിനുള്ള അപേക്ഷ ഫോറം പൂരിപ്പിച്ച് ഹെഡ് ഓഫീസിലേക്ക് അയക്കുകയും മെയ് 17 ന് അമുൽ ബാംഗ്ലൂരിൽ നിന്നുള്ള ശ്രീ. ഹേമന്ത് റിത്വിക് വിലാസ പരിശോധന നടത്തുകയുമുണ്ടായി.**<br>**തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾ ഓരോരുത്തരും ഒരു ലാപ്ടോപ്പും ഇരുചക്ര വാഹനവും വാങ്ങി ജോലിക്ക് തയ്യാറെടുത്തു. ജോലിയിൽ പ്രവേശിക്കുന്നതിന് മുൻകൂർ ആവശ്യമായ ഒരു ലക്ഷം രൂപ ക്രമീകരിക്കാൻ ബാങ്കിൽനിന്ന് വായ്പയും എടുത്തു.** |

(ഒപ്പ്)
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**എന്നാൽ പിന്നീട് 2025 ജൂൺ 3ന് കോളേജ് വഴി പ്ലേസ്മെന്റ് റദ്ദാക്കിയതായി അറിയിച്ചു. അമൂലിൽനിന്ന് ഉദ്യോഗാർഥികളെ നേരിട്ട് അറിയിച്ചിരുന്നില്ല. അവരുടെ ഭാഗത്തുനിന്ന് വിശദീകരണമോ ശരിയായ ആശയവിനിമയമോ ഉണ്ടായില്ല. പിന്നീട് ഈ വിഷയത്തിൽ നിർണായകമായ ചില വിവരങ്ങൾ ലഭിക്കുകയും അതിൽ പ്ലേസ്മെൻറ് റദ്ദാക്കുന്നതിന് കാരണമായ പരാതി ഉന്നയിച്ചിരിക്കുന്നത് ഇൻറർവ്യൂവിൽ പങ്കെടുത്തിരുന്ന വിദ്യാർത്ഥികൾ തന്നെയാണെന്നും ബോധ്യപ്പെടുകയുണ്ടായി. വി കെ ഐ ഡി എഫ് ടി കോളേജിലെ വിദ്യാർത്ഥികൾക്ക് അധിക പരിഗണന നൽകിയിരിക്കുന്നു എന്നാണ് പരാതിക്കാർ പരാതിയിൽ ഉന്നയിച്ചിരിക്കുന്നത്. ഇതിൻറെ അടിസ്ഥാനത്തിലാണ് നിയമനം റദ്ദാക്കിയത് എന്ന് അറിയാൻ കഴിഞ്ഞു. അമൂലിൽ നിന്നുള്ള ഉദ്യോഗസ്ഥരും യൂണിവേഴ്സിറ്റിക്ക് കീഴിലെ ഡയറി ടെക്നോളജി അധ്യാപകരും അടങ്ങിയ പാനൽ നടത്തിയ ഇന്റർവ്യൂ സുതാര്യമാണെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം യൂണിവേഴ്സിറ്റിക്കാണ് എന്നിരിക്കെ, ഈ വിദ്യാർത്ഥികൾക്ക് നീതി ലഭിക്കുന്നതിന് വേണ്ടി യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് നിന്നും ഇടപെടലുകൾ ഉണ്ടാവണമെന്നും ഇത്തരത്തിലുള്ള ഔദ്യോഗിക കാര്യങ്ങളിൽ ശരിയായ പരിശോധന നടത്തി ഇനിയും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാവാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.**

**ഈ വിഷയത്തിൽ എന്തെങ്കിലും തരത്തിലുള്ള ബാഹ്യ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെതിരെ കൃത്യമായ നടപടി സ്വീകരിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു**

**മറുപടി/റിമാർക്സ് (1):** കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയിലെ ബി.ടെക് 2020 ബാച്ച് വിദ്യാർത്ഥികൾക്കായി AMUL ന്റെ ഇന്റർവ്യൂപാനൽ കോളേജിൽ നടത്തിയ പ്ലേസ്മെന്റ് ഡ്രൈവ് വഴി 3 പേരെ shortlist ചെയ്തിരുന്നു. ഇവരുടെ ഡോക്യൂമെന്റ് വെരിഫിക്കേഷൻ ആലുവയിൽ വെച്ച് പൂർത്തീകരിച്ചതായി അറിയാൻ കഴിഞ്ഞു. എന്നാൽ AMUL പീന്നിട് appointment order നൽകുന്നതിനുള്ള അനുമതി ഹെഡ്ഓഫീസിൽനിന്ന് ലഭിച്ചിട്ടില്ല എന്ന് അറിയിക്കുകയുണ്ടായി. തുടർന്ന് interview panel ൽ ഉണ്ടായിരുന്ന മൂന്ന് ഉദ്യോഗസ്ഥർ കോളേജിലേക്ക് വരികയും, ഇതിനാസ്പദമായ സാഹചര്യം വിശദീകരിക്കുകയുണ്ടായി. ആയതിൻപ്രകാരം, ഇന്റർവ്യൂവിൽ പങ്കെടുത്ത മണ്ണുത്തിക്കുപുറത്തെ കാമ്പസിലുൾപ്പെട്ട ഒരു വിദ്യാർത്ഥി, അമൂലിന്റെ ഹെഡ്ക്വാർട്ടേഴ്സിലേക്കയച്ച ഒരു പരാതിയുടെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു സാഹചര്യമുണ്ടായത് എന്നറിയാൻ കഴിയുകയുണ്ടായി. മറ്റ് ഡയറിടെക്നോളജി കോളേജ് സ്പെഷ്യൽ ഓഫീസർമാർ ഔദ്യോഗികമായി അതാത് കോളേജുകളിൽ വിദ്യാർത്ഥികളിൽനിന്നും പരാതികൾ ലഭിച്ചിട്ടില്ല എന്ന് അറിയിക്കുകയുണ്ടായി. ആയതിനാൽ മേൽസാഹചര്യം വീശദികരിച്ചുകൊണ്ട്, തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ, appointment, reinstate ചെയ്യാൻ അഭ്യർത്ഥിച്ചുകൊണ്ട് അമൂലിന്റെ മാനേജിംഗ് ഡയറക്ടർക്ക് കത്തയിച്ചിട്ടുള്ളതാണെന്നും അറിയിച്ചുകൊള്ളുന്നു.

**തീരുമാനം:** നല്കിയ മറുപടി/റിമാർക്സ് അംഗീകരിച്ചു.

*നടപടി: ഡീൻ, വി.കെ.ഐ.ഡി.എഫ്. ടി. മണ്ണുത്തി)/ഡി.എ.ആർ.*

---

പ്രമേയം (2):

**MVSc. cum residency programme for clinical PG students is a post holding duties varying from regular PG students. Adding to it another responsisbility which requires all round attention is not acceptable. The residents are answerable to casualty, evening and odd hour cases outside their normal OP duties. They are responsible for any untoward happenings of their pet patients during these duty hours. Such a situation cannot demand from the residents attention to the hostel inmates and administration. Moreover, additional duties of fee collection, maintenance of proper etiquette and order amongst the inmates requires proper attention and availability. Parallel physical presence at both the hospital for professional duties and the hostel is not practically possible and cannot be discharged.**

**In light of recent events, faculties not involved in certain issues had to face strict and disturbing consequences just because of their involvement in the administration. The resident tutor post is one such liability which can have adverse effects on the future of the students. So please consider any faculty members or any other non teaching staff for the post of resident tutor.**

(ഒപ്പ്)

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അദ്ധ്യക്ഷൻ)**

**മറുപടി/റിമാർക്സ് (2):** പി ജി റസിഡൻസി സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച വിഷയം അക്കാദമിക് കൗൺസിലിന്റെ 12-മത് സ്പെഷ്യൽ യോഗത്തിൽ അവതരിപ്പിക്കുകയും ആയതിൽ റസിഡന്റ് ട്യൂട്ടർ തസ്തികയിലെ ചുമതല സംബന്ധിച്ച് വിദ്യാർഥി പ്രതിനിധി ആശങ്ക പ്രകടിപ്പിക്കുകയും ചെയ്തതിനെ തുടർന്ന് റസിഡന്റ് ട്യൂട്ടർ ആയി നിയോഗിക്കപ്പെടുന്ന പി ജി റസിഡന്റ് വിദ്യാർഥികളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർവ്വചിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്.

**തീരുമാനം:** റസിഡന്റ് ട്യൂട്ടറിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും രൂപപ്പെടുത്തുന്നതിന് അക്കാദമിക് കൗൺസിലിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും, പ്രസ്തുത കമ്മിറ്റിയിലേക്ക് പൂക്കോട് വെറ്ററിനറി കോളേജ്, മണ്ണുത്തി വെറ്ററിനറി കോളേജ്, മണ്ണുത്തി വി.കെ.ഐ.ഡി.എഫ്.ടി., എന്നീ കോളേജുകളിലെ കോളേജ് യൂണിയൻ പ്രസിഡന്റ് അല്ലെങ്കിൽ സെക്രട്ടറി - യെ കൂടി ഉൾപ്പെടുത്താനും തീരുമാനിച്ചു.

*നടപടി: ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്*

---

പ്രമേയം (3):

**ഡയറി കോളേജുകളിലെ ഹോസ്റ്റലിനെ സംബന്ധിച്ച്**

**CDST പൂക്കോട് മെൻസ് ഹോസ്റ്റലിന്റെ അപകടകരവും ശോചനീയവുമായ അവസ്ഥയെ പറ്റി കഴിഞ്ഞ മാനേജ്മെന്റ് കൗൺസിൽ യോഗത്തിൽ ചർച്ച ചെയ്തെങ്കിലും ശാശ്വതമായ ഒരു പരിഹാരം ഇതുവരെയും ഉണ്ടായിട്ടില്ല. കാലാവസ്ഥ ഇത്രയും പ്രതികൂലമായ ഈ സാഹചര്യത്തിലും വിദ്യാർത്ഥികൾ നേരിടുന്നഈ പ്രതിസന്ധി കണ്ടില്ലെന്നു നടിക്കുന്ന സർവകലാശാലയുടെ നിരുത്തരവാദിത്തപരമായ ഈ സമീപനത്തിൽ മാറ്റം വരുത്തി വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്**

**അതുപോലെ തന്നെ ഒരുപാടു പ്രാവശ്യം ചർച്ച ചെയ്യപ്പെട്ട വിഷയമാണ് CDST തിരുവനന്തപുരം കോളേജിലെ ഹോസ്റ്റലിന്റെ വിഷയം.പ്രതിവർഷം 50000 രൂപയ്ക്കു മേൽ തുക ഹോസ്റ്റൽ ഫീസ്ആയി വിദ്യാർത്ഥികൾ നൽകേണ്ടി വരുകയും , ഇതിൽ യാതൊരുവിധ റീ ഇംബേഴ്സ്മെന്റ് ലഭിക്കുന്നുമില്ല. മറ്റു കോളേജു കളിൽ ഇതേ കോഴ്സ്പഠിക്കുന്ന വിദ്യാർത്ഥികൾക്ക്പ്ര തിവർഷം ഹോസ്റ്റൽ ഫീസ്ഇനത്തിൽ 2100/- രൂപ മാത്ര മാണ്ചിലവ് വരുന്നത്. ഇത്തരത്തിൽ തുല്യനീതി ഉറപ്പാക്കാതെ പക്ഷാപാതപരമായി യൂ ണിവേഴ്സിറ്റിഅധികൃതർ പെരുമാറുന്നത് തികച്ചും അപലപനീയമാണ്.തിരിച്ചു നൽകാമെന്നു ഉറപ്പു നൽകിയിട്ടും സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ ഒരു കൂട്ടം വിദ്യാർത്ഥികളെ പാടെ അവഗണിച്ചു അവരെ സാമ്പത്തിക പ്രതിസന്ധിയിലേക് തള്ളി വിടുന്ന പ്രവണത സർവകലാശാല ഇനിയും തുടരരുത്. ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും വിദ്യാർത്ഥികൾക്ക് അനുകൂലമായ ഒരു തീരുമാനം ഈ വിഷയത്തിൽ ഇതുവരെ വന്നിട്ട് ഇല്ല. ഈ സാഹചര്യത്തിൽ വിദ്യാർത്ഥികൾ കടുത്ത പ്രതിഷേധ മാർഗങ്ങളിലേക്ക് കടക്കാനുള്ള തീരുമാനത്തിലാണ്.**

**ആയതിനാൽ മേൽപറഞ്ഞ വിഷയങ്ങളിൽ എത്രയും പെട്ടെന്നു തീരുമാനം ഉണ്ടാക്കണമെന്നു പ്രമേയത്തിലൂടെ ആവശ്യപെടുന്നു.**

**മറുപടി/റിമാർക്സ് (3):** സർവകലാശാലാ ഗസ്റ്റ് ഹൌസിന് പിന്നിലുള്ളതും സി. ഡി. എസ്. ടി. വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ളതുമായ 2 പ്രീഫാബ് കെട്ടിടങ്ങൾ

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)
(അധ്യക്ഷൻ)

കാലപ്പഴക്കം മൂലം കേടുപാടുകൾ സംഭവിച്ചതും അവയുടെ നവീകരണം ലാഭകരമല്ലാത്തതുമാണ്. ഈ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് RIDF. ഫണ്ടുപയോഗിച്ച് ഗസ്റ്റ് ഹൌസ് വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനു പകരമായി RIDF ഫണ്ടുപയോഗിച്ച് തന്നെ നിലവിലെ ബോയ്സ് ഹോസ്റ്റലിനു സമീപം പുതിയ ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തികൾ സെൻട്രൽ പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിനെ (CPWD) ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം മുതൽ ഹോസ്റ്റലുകളുടെ വാടകയിനം പദ്ധതി വിഹിതത്തിൽപ്പെടുത്തി തുക അനുവദിച്ചിട്ടില്ല.

**തീരുമാനം:** സി.ഡി.എസ്.റ്റി. വിദ്യാർഥികൾക്ക് സമ്മതമാണെങ്കിൽ പ്രീഫാബ് കെട്ടിടങ്ങളിൽ നിന്നും കൽപ്പറ്റ ഹോസ്റ്റലിലേക്ക് മാറ്റുന്നത് പരിഗണിക്കാവുന്നതാണെന്നും, അല്ലാത്ത പക്ഷം പുതിയ ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാകുന്നത് വരെ തൽസ്ഥിതി തുടരേണ്ടതാണെന്നും തീരുമാനിച്ചു. മേൽ വിഷയം വിദ്യാർത്ഥികളുമായി ആലോചിച്ച് അറിയിക്കുന്നതാണെന്ന് ബഹു. അംഗം ശ്രീ. അഭിറാം. പി. അറിയിച്ചു.

തിരുവനന്തപുരം സി. ഡി.എസ്.റ്റി ഹോസ്റ്റലുകളുടെ വാടകയിനം നല്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ വിദ്യാർഥികൾക്ക് എത്ര രൂപ റീ ഇമ്പേഴ്സ്മെന്റ് ചെയ്ത് നല്കാൻ ഉണ്ട് എന്ന് അറിയിക്കുന്നതിന് സ്പെഷ്യൽ ഓഫീസറോട് ആവശ്യപ്പെടുന്നതിനും, മറുപടി ലഭ്യമായ ശേഷം മേൽ വിഷയം അടുത്ത ഭരണ സമിതി യോഗത്തിൽ സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

*നടപടി: നടപടി: യൂണിവേഴ്സിറ്റി എഞ്ചിനീയർ /സ്പെഷ്യൽ ഓഫീസർ, സി.ഡി.എസ്.റ്റി. തിരുവനന്തപുരം.*

============================================================ ===

**ഡോ. ദിനേശ്. പി. ടി ഉന്നയിച്ച പ്രമേയങ്ങൾ:**

പ്രമേയം (4):

സർവകലാശാലയുടെ കഴിഞ്ഞ **4** മാനേജ്മന്റ് കൌൺസിൽ യോഗങ്ങളിലും നിരന്തരം ആവശ്യപ്പെട്ടിട്ടും അധ്യാപകരുടെ CAS പ്രൊമോഷൻ കഴിഞ്ഞ ഒന്നര വർഷമായിട്ടും നടത്താത്തത് തികച്ചും അപലപനീയമായ കാര്യമാണ്. ഇതിന്നിടയിലാണ് കഴിഞ്ഞ മെയ് 25ന് **Dr. E. D. Benjamin** തനിക്ക് **2023 April** മുതൽ അർഹമായ പ്രൊമോഷൻ ലഭിക്കാതെ റിട്ടയർ ചെയ്തത്. ഇത് കാണിക്കുന്നത് സർവകലാശാലക്ക് അധ്യാപകരോടുള്ള അവഗണനയാണ്. ഇത് തികച്ചു നിയമ വ്യവസ്ഥയോടുള്ള വെല്ലുവിളിയും മനുഷ്യാവകാശ ലംഘനവും ആണെന്ന് ഓർമ്മപ്പെടുത്തുന്നു. ഈ അവസ്ഥക്ക് കാരണക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി അടുത്ത മാനേജ്മന്റ് കൌൺസിൽ യോഗത്തിൽ വിളിച്ചു വരുത്തി ശക്തമായ താക്കീതു നല്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)
(അധ്യക്ഷൻ)

**മറുപടി/റിമാർക്സ് (4):** 2023 ഏപ്രിൽ മാസത്തിൽ പ്രൊമോഷന് അർഹത നേടി എന്ന് പറയുന്ന അധ്യാപകർ അവസാനമായി 2024 ഫെബ്രുവരിയിൽ നടന്ന CAS - ന് അപേക്ഷ നൽകിയിട്ടില്ല. CAS പ്രൊമോഷന് പരിഗണിക്കണമെങ്കിൽ യോഗ്യത നേടിയ അധ്യാപകൻ അതിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

സർവകലാശാല ഉദ്യോഗസ്ഥരെ മുഴുവൻ കുറ്റപ്പെടുത്തുമ്പോൾ ബഹു. അംഗം കാര്യങ്ങളുടെ നിജസ്ഥിതി കൂടി മനസ്സിലാക്കുന്നതിൽ ജാഗ്രത കാണിക്കേണ്ടതാണ്.

**തീരുമാനം:** ഡോ. ബെഞ്ചമിൻ. ഇ.ഡി. നല്കിയ അപേക്ഷ നിയമപരമായി പരിശോധിക്കുന്നതിന് തീരുമാനിച്ചു.
*നടപടി: രജിസ്ട്രാർ*

---

**പ്രമേയം (5):**

സർവകലാശാലയുടെ 46, 47, 48 49 മാനേജ്മെന്റ് കൌൺസിൽ യോഗങ്ങളിലും ബഹുമാനപ്പെട്ട അംഗം ഹോസ്റ്റലുകളിൽ അസിസ്റ്റന്റ് വാർഡന്മാരെ സഹായിക്കാനായി അനധ്യാപക ജീവനക്കാരെ നിയമിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത വിഷയം പഠിക്കാൻ ഒരുസമിതിയെ നിയമിച്ചിട്ടുണ്ടെന്നും, ഉടൻ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്താമെന്നും അറിയിച്ചെങ്കിലും, നാളിതു വരെ ആയി ഒരു നടപടിയും എടുത്തതായി കാണുന്നില്ല. 46 മത് യോഗം 19.03.2024 നാണു നടന്നത് എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ആയിട്ടും ഈ കാര്യത്തിൽ ഒരടി പോലും സർവകലാശാല മുന്നോട്ടു പോയിട്ടില്ല എന്നത് അത്യന്തം ഖേദകരമായ കാര്യമാണ്. ഈ നിയമനങ്ങളുടെ കാര്യത്തിൽ എന്താണ് സ്ഥിതി എന്ന് ഈ കൗൺസിലിനെ അറിയിക്കാൻ ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**മറുപടി/റിമാർക്സ് (5):** 2009 ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം നിർത്തലാക്കിയ തസ്തികകൾ പുനർ വിന്യസിച്ച ഹോസ്റ്റൽ മാനേജർ/മേട്രൺ തസ്തികകളിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സംഘടനാ പ്രതിനിധികളുമായി 10.07.2025 തിയ്യതിയിൽ ചർച്ച നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിനു ശേഷം ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**തീരുമാനം:** നല്കിയ മറുപടി/റിമാർക്സ് അംഗീകരിച്ചു.
*നടപടി: രജിസ്ട്രാർ*

(ഒപ്പ്)

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

=========================================================================

## ശ്രീ. സുധീഷ്. പി.എസ്. ഉന്നയിച്ച പ്രമേയങ്ങൾ:

പ്രമേയം (6):

തിരുവാഴാംകുന്ന്, തുമ്പൂർമുഴി, കോലാഹലമേട് എന്നി ഫാമുകളിലെ ക്യാഷൽ തൊഴിലാളികളെ കഴിഞ്ഞ 9 വർഷമായിട്ടും സ്ഥിരപ്പെടുത്തിയിട്ടില്ല. സർവ്വകലാശാലയ്ക്ക് വേണ്ടി ഇക്കാലമത്രയും സേവനം അനുഷ്ഠിച്ച പല കാഷ്യൽ തൊഴിലാളികളും യാതൊരു ആനുകൂല്യവും ലഭിക്കാതെ നിരാശരായി വിരമിച്ച് പോകേണ്ട സാഹചര്യത്തിലാണ്. ഈ സാഹചര്യത്തിൽ സർവ്വകലാശാലയിലെ മൊത്തം സ്ഥിരം തൊഴിലാളികളുടെ ഒഴിവുകൾ തിട്ടപ്പെടുത്തി മുഴുവൻ കാഷ്യൽ തൊഴിലാളികളെയും സ്ഥിരപ്പെടുത്തണമെന്ന് യോഗം ആവശ്യപ്പെടുന്നു.

**മറുപടി/റിമാർക്ക്സ് (6):** സർവകലാശാലയിലെ വിവിധ യൂണിറ്റുകളിലെ സ്ഥിര തൊഴിലാളി ഒഴിവുകളിലേക്ക് കാഷൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് ഫാം മേധാവികൾക്ക അനുമതി നൽകി കൊണ്ടും നിലവിലെ തൊഴിലാളി തസ്തികകൾ പുനഃക്രമീകരിച്ചുകൊണ്ടും 07.11.2023-ലെ കെ.വി.എ.എസ്.യു./ ജി.എ./ എൽ.ഒ./12451/2021(3) നമ്പർ സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുവെങ്കിലും, ബഹു: ഹൈക്കോടതിയുടെ WP(C) 38456/2023 നമ്പർ കേസിലെ, 20.11.2023, 02.08.2024, 03.02.2025, 03.04.2025 തീയ്യതികളിലെ ഇടക്കാല ഉത്തരവുകൾ പ്രകാരം, ഈ ഉത്തരവ് നിലവിൽ സ്റ്റേ ചെയ്തിരിക്കുകയാണ്. ബഹു.ഹൈക്കോടതിയുടെ WP(C) 38456/2023 നമ്പർ കേസിലെ, 20.11.2023, 02.08.2024, 03.02.2025, 03.04.2025 തീയ്യതികളിലെ ഇടക്കാല ഉത്തരവുകൾ പ്രകാരം കാഷൽ തൊഴിലാളികളെ സ്ഥിരം തൊഴിലാളി ഒഴിവുകളിലേക്ക് സ്ഥിരപ്പെടുത്തുന്നതിന് സ്റ്റേ നിലനിൽക്കുന്നതിനാൽ, ആയത് നീക്കം ചെയ്യുന്ന മുറയ്ക്ക് മാത്രമേ സർവ്വകലാശാലയ്ക്ക് ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു.

**തീരുമാനം:** മേൽ വിഷയം പരിശോധിക്കുന്നതിനായി സർവ്വകലാശാല ലേബർ ഓഫീസർ, ബഹു. അംഗങ്ങളായ ഡോ. ബിപിൻ. കെ.സി., ശ്രീ. സന്തോഷ്. സി. ആർ., ശ്രീ. സുധീഷ്.പി. എസ്. എന്നിവരടങ്ങുന്ന കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ*

---

(ഒപ്പ്)

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

**പ്രമേയം (7):**

മണ്ണുത്തി ക്യാമ്പസ്സിലെ തൊഴിലാളികളുടെ അഭാവം മൂലം ഫാമുകളുടെ പ്രവർത്തനം വളരെയധികം ദുരിതപൂർണ്ണമായിരിക്കുകയാണ്. തൊഴിലാളികൾക്ക് അസുഖം വന്നാലും, വീട്ടിൽ മറ്റ് അത്യാഹിതം ഉണ്ടായാലും ലീവ് എടുക്കുവാൻ കഴിയാത്ത സാഹചര്യമാണ്. വിവിധ ഫാമുകളിലേക്ക് നോംസ് അനുസരിച്ച് നിയമിക്കേണ്ട തൊഴിലാളികളുടെ എണ്ണത്തേക്കാൾ വളരെ കുറവാണ് ഇപ്പോൾ നിലവിലുള്ളത്. ആയതിനാൽ കാഷ്വൽ തൊഴിലാളി നിയമനം അടിയന്തിരമായി നടത്തണമെന്നും, കോടതി പരിഗണനയിലുള്ള ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കണമെന്നും ഈ യോഗം ആവശ്യപ്പെടുന്നു.

**മറുപടി/റിമാർക്ക്സ്** (7): സർവ്വകലാശാലയുടെ ഫാമുകളിൽ കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്ന വിഷയത്തിൽ തീരുമാനം കൈകൊള്ളുന്നതിനായി വിവിധ കോടതി, സർക്കാർ ഉത്തരവുകളുടെ പശ്ചാത്തലത്തിൽ, ബോർഡ് ഓഫ് മാനേജ്മെന്റ്/മാനേജ്മെന്റ് കൌൺസിൽ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനത്തിന് അനുസൃതമായി തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**തീരുമാനം:** ഇത് സംബന്ധിച്ച് ഒ. എ. - 2 ലെ തീരുമാന പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ*

---

**പ്രമേയം (8):**

ആഭ്യന്തര നിയമനം വഴി ഫാം അസിസ്റ്റന്റ് തസ്തികയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് LBS മുൻപ് നടത്തിയ പരീക്ഷയുടെ റാങ്ക്, കോഴ്സ് പൂർത്തിയാക്കുന്ന മുറയ്ക്ക് സീനിയോരിറ്റിയായി പരിഗണിച്ച് നിയമനം നല്കണമെന്നും, ഇന്റേണൽ നിയമനത്തിന് ഡിപ്ലോമ ഇൻ ലൈഫ് സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സ് പാസ്സാകുന്നതിന് മാർക്ക് 40 ശതമാനമായി നിജപ്പെടുത്തണമെന്നും യോഗം ആവശ്യപ്പെടുന്നു.

**മറുപടി/റിമാർക്ക്സ്** (8): ഡിപ്ലോമ ഇൻ ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഫാം അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണെങ്കിൽ ഉചിത സമയത്ത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

10-12-2024 തീയതിയിൽ നടന്ന 39-ാമത് അക്കാദമിക് കൌൺസിൽ യോഗത്തിൽ അംഗീകരിച്ച Diploma in Livestock Management Course - ന്റെ സിലബസ് പ്രകാരം കോഴ്സ് പാസാകുന്നതിന് വേണ്ട കുറഞ്ഞ മാർക്ക് 60% ആയി നിജപ്പെടുത്തിയിട്ടുള്ളതാകുന്നു.

**തീരുമാനം:** നല്കിയ മറുപടി/റിമാർക്ക്സ് അംഗീകരിച്ചു.

*നടപടി: രജിസ്ട്രാർ/ ഡി.എ.ആർ.*

===========================================================

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

| | |
|---|---|
| ഒ.എ.: 1 | ധനകാര്യ വിഭാഗം - താൽക്കാലിക ജീവനക്കാരുടെ വേതനം വിതരണം ചെയ്യുന്നത് - സർവകലാശാലയുടെ നിലവിലെ ധനസ്ഥിതി മാനേജ്മെന്റ് കൗൺസിലിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. |
| തീരുമാനം | റിപ്പോർട്ട് വിശദമായി ചർച്ച ചെയ്തതിനു ശേഷം അടുത്ത മാസത്തെ പദ്ധതിയേതര വിഹിതം ലഭ്യമാകുമ്പോൾ, ആയതിൽ നിന്നും മരുന്ന്, മൃഗങ്ങൾക്കുള്ള തീറ്റ, മറ്റു കുടിശ്ശികകൾ എന്നിവ നല്കിയതിന് ശേഷം മാത്രം മറ്റ് ചെലവുകൾ നടത്തേണ്ടതാണെന്ന് തീരുമാനിച്ചു.<br><br>സർവകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതി ബഹു. മുഖ്യമന്ത്രി, ധനകാര്യ വകുപ്പ് മന്ത്രി, മൃഗ സംരക്ഷണ വകുപ്പ് മന്ത്രി എന്നിവരെ നേരിൽ കണ്ട് ബോധ്യപ്പെടുത്തുന്നതിനായി മാനേജ്മെന്റ് കൗൺസിൽ അംഗങ്ങളായ അഡ്വ. ടി. സിദ്ദിക്ക്- എം.എൽ.എ., ശ്രീ. ഇ. കെ. വിജയൻ - എം.എൽ.എ., ശ്രീ. സച്ചിൻദേവ് - എം.എൽ.എ., വൈസ് ചാൻസലർ, രജിസ്ട്രാർ എന്നിവരെ ചുമതലപ്പെടുത്തി. ആയതിന്റെ തീയതി നിശ്ചയിക്കുന്നതിനായി രജിസ്ട്രാർക്ക് നിർദ്ദേശം നല്കി.<br>*നടപടി: ഫിനാൻസ് ഓഫീസർ/രജിസ്ട്രാർ* |
| ഒ.എ.: 2 | പൊതുഭരണം - തൊഴിലാളി വിഭാഗം - സർവകലാശാലയുടെ ഫാമുകളിൽ ഒഴിവുള്ള കാഷ്വൽ തൊഴിലാളി തസ്തികകളിലേക്ക് വിവിധ കോടതി, സർക്കാർ ഉത്തരവുകളുടെ പശ്ചാത്തലത്തിൽ കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നത് സംബന്ധിച്ച്. |
| തീരുമാനം | 22-07-2025 തീയതിയിൽ കോടതിയിൽ നിന്നു ലഭിക്കുന്ന നിർദ്ദേശ പ്രകാരം അടുത്ത ഭരണസമിതി യോഗത്തിൽ മേൽ വിഷയം പരിശോധിക്കുന്നതിന് തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ/ലേബർ ഓഫീസർ* |
| ഒ.എ.: 3 | പൊതുഭരണം - ലാസ്റ്റ് ഗ്രേഡ് വിഭാഗം തസ്തികയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ പിൻവലിക്കുന്നത് - സംബന്ധിച്ച്. |
| തീരുമാനം | അനുമതി നല്കി. നിലവിലുള്ള പോസ്റ്റിൽ നിന്നും 10 (പത്ത്) എണ്ണം ഹോസ്റ്റൽ മാനേജർ/മേട്രൺ തസ്തികകൾ ആയി Redesignate ചെയ്യുന്നതിന് സർക്കാരിലേക്ക് കത്ത് നല്കുന്നതിനും തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ* |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അദ്ധ്യക്ഷൻ)**

**അജണ്ടാക്കുറിപ്പുകൾക്ക് പുറമേയുളള ചർച്ചകളും തീരുമാനങ്ങളും:**

1. അധ്യാപക നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടിക്രമങ്ങളിൽ കാലതാമസം നേരിടുന്നതിനാൽ അധ്യാപക ക്ഷാമം നിലനിൽക്കുന്നതായി വിദ്യാർഥികൾ അറിയിച്ചിട്ടുണ്ടെന്ന് ബഹു. അംഗം അഡ്വ. ടി. സിദ്ദിഖ് - എം.എൽ.എ. യോഗത്തെ അറിയിച്ചു. അധ്യാപക നിയമന നടപടികൾ സ്വീകരിക്കുന്നതിനായി ബഹു. ചാൻസലറുടെ നോമിനികൾ ലഭ്യമാക്കുന്നതിന് കാത്തിരിക്കുകയാണെന്നും, ലഭ്യമായ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും ചെയർ അറിയിച്ചു.

   ***നടപടി: രജിസ്ട്രാർ***

2. സർവകലാശാല ഓഡിറ്റ് റിപ്പോർട്ടുകൾ 2020 - 21 വരെ ആയിട്ടുള്ളൂ എന്നും ആയതിന്റെ നിലവിലെ അവസ്ഥയും യോഗം ചർച്ച ചെയ്തു. ഓഡിറ്റ് ഡയറക്ടറുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ഈ വർഷം തന്നെ ഓഡിറ്റ് കാലികമാക്കുന്നതാണെന്ന് അറിയിച്ചതായി ഫിനാൻസ് ഓഫീസർ അറിയിച്ചു.

   ***നടപടി: ഫിനാൻസ് ഓഫീസർ***

3. മാനേജ്മെൻറ് കൗൺസിൽ/ബോർഡ് ഓഫ് മാനേജ്മെൻറ് യോഗങ്ങൾ കഴിയുന്നതും ഓഫ് ലൈൻ ആയി നടത്തുന്നതാണ് ഉചിതം എന്നും ഓൺലൈൻ യോഗങ്ങൾ നടക്കുമ്പോൾ പലതരത്തിലുള്ള ഇഷ്യൂ ഉണ്ടാകുന്നതിനുള്ള സാധ്യതകൾ ഉണ്ടെന്നും ബഹു. അംഗം ഡോ. ബിബിൻ കെ.സി അഭിപ്രായപ്പെട്ടു.

   ***നടപടി: രജിസ്ട്രാർ***

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 01.15 മണിക്ക് അവസാനിക്കുകയും ചെയ്തു.

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്**
**(അധ്യക്ഷൻ)**
*(30/07/2025 തീയതിയിൽ അംഗീകരിച്ചു)*